പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3776 17.10.2011- ലെ മറുപടി

## വൈക്കം ഡിപ്പോയിൽ നിന്നും ചെയിൻ സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീ. കെ. അജിത്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഏറെ തിരക്കേറിയ വൈക്കം - കോട്ടയം, വൈക്കം - എറണാകുളം റൂട്ടുകളിലേക്ക് ചെയിൻ സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) | കോട്ടയത്തുനിന്നും വൈക്കത്തുനിന്നുമായി എറണാകുളം ഭാഗത്തേക്ക് 70 ട്രിപ്പുകളും വൈറ്റിലവരെ 38 ട്രിപ്പുകളും എറണാകുളത്ത് നിന്നും വൈക്കത്ത് നിന്നുമായി ഏറ്റുമാനൂർ വഴി കോട്ടയം ഭാഗത്തേക്ക് 60 ട്രിപ്പുകളും കെ.എസ്.ആർ.ടി.സി. ഇപ്പോൾ ചെയിൻ സർവ്വീസ് എന്ന പേരിലല്ലെങ്കിലും പ്രതിദിനം നടത്തിവരുന്നുണ്ട്. ആയതിനാൽ ഈ റൂട്ടിൽ കാര്യമായ യാത്രാക്ലേശം ഇല്ലായെന്ന് കരുതുന്നു. |
| (ബി) | ഇപ്പോൾ വൈക്കം ഡിപ്പോയിൽ നിന്നും ഏതൊക്കെ റൂട്ടുകളിലാണ് ചെയിൻ സർവ്വീസ് നടത്തുന്നത് ; | (ബി) | വൈക്കത്ത് നിന്നും തൊടുപുഴക്ക് നാലും, വൈറ്റിലയ്ക്ക് ഏഴും, പാലായ്ക്ക് അഞ്ചും ചെയിൻ സർവ്വീസുകൾ ഇപ്പോൾ നടത്തി വരുന്നുണ്ട്. |
| (സി) | വൈക്കം ഡിപ്പോയിൽ നിന്നും ആരംഭിച്ച ഏതെങ്കിലും ചെയിൻ സർവ്വീസ് നിറുത്തലാക്കിയിട്ടുണ്ടോ ? | (സി) | നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സിന്റെയും ഡ്രൈവർമാരുടെയും കുറവ് കാരണം ചിലപ്പോൾ ചില ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടിവരാറുണ്ട്. |

സെക്ഷൻ ഓഫീസർ